**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1314** **06-02-2020 ൽ മറുപടിക്ക്**

## അയിരൂർ വില്ലേജിലെ കായൽ പുറമ്പോക്ക് കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വർക്കല താലൂക്കിലെ അയിരൂർ വില്ലേജിൽ കായൽപ്പുറം ദേശത്ത് ഹിൽ കൺട്രി റിസോർട്ട് നിർമ്മാണം നടത്തുന്നതിനോടൊപ്പം പൊതുവഴിയും തോടും വരമ്പും കയ്യേറി മതിൽ കെട്ടിയതായ പരാതിയിന്മേൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്;വിശദമാക്കാമോ: | (എ) വർക്കല താലൂക്കിലെ അയിരൂർ വില്ലേജിൽ കായൽപ്പുറം ദേശത്ത് ഹിൽ കൺട്രി റിസോർട്ട് പൊതുവഴിയും തോടും വരമ്പും കയ്യേറി മതിൽ കെട്ടിയതായുള്ള പരാതിയിൽ വർക്കല തഹസിൽദാർ മുഖേന സർവ്വെ ചെയ്ത് പരിശോധിച്ചിട്ടുള്ളതാണ്. പഴയ ലിത്തോ മാപ്പിൽ വഴി ഡോട്ടഡ് ലൈനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റീസർവ്വെ സ്കെച്ചിൽ വഴിയോ തോടോ രേഖപ്പെടുത്തി യിട്ടില്ലാത്തതാണ്. മുൻ സർവ്വെ സ്കെച്ചും മെഷർമെന്റും ലഭ്യമല്ലാത്തതിനാൽ നിലവിൽ റീസർവെയിൽ ഉൾപ്പെടുത്തി തോട്, വഴി പുറമ്പോക്കുകൾ സബ് ഡിവിഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. മുൻ സർവ്വെ 970 ൽപ്പെട്ട 2.96 ആർസ് ഭൂമി നിലവിൽ റിസോർട്ടിന്റെ കൈവശമാണെന്ന് പരിശോധനയിൽ തഹസിൽദാർ കണ്ടെത്തിയിട്ടുണ്ട്. ടി കയ്യേറ്റം നിയമാനുസരണം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ താലൂക്ക് തലത്തിൽ സ്വീകരിച്ച് വരുന്നു. കേരളാ സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ 21.11.2017 ൽ കൂടിയ യോഗത്തിൽ കോമ്പൗണ്ട് വാൾ, സ്വിമ്മിങ് പൂൾ, ആയുർവേദ സ്പാ എന്നിവ നിർമിക്കുന്നതിന് അനുമതി നൽകുവാൻ കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പ്രൊജക്ട് പ്രൊപ്പണന്റ് ആയ M/s Hill Country Hotels & Resorts India Pvt.Ltd നോട് കായൽ മുഖത്തോട് ചേർന്ന ഭാഗത്ത് നിർമാണ പ്രവർത്തനങ്ങൾ പാടില്ല എന്നും ലിത്തോ മാപ്പിൽ നടവഴിയുമുള്ള ഭാഗം തടസ്സപ്പെടുത്തുവാൻ പാടില്ല എന്നും ബോർഡ് യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| (ബി) | ഇത് സംബന്ധിച്ച് വർക്കല തഹസീൽദാരുടെ നേതൃത്വത്തിൽ സമഗ്രമായ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവ്വേയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) അയിരൂർ വില്ലേജ് മുൻ സർവെ 970 ൽപ്പെട്ട 13 സെന്റ് പുറമ്പോക്ക് റീസർവെയിൽ പട്ടയഭൂമിയായി വന്നിട്ടുള്ളതിനാൽ പഴയ സർവെ റെക്കോർഡുകളുടെ അടിസ്ഥാനത്തിൽ സർവെ ചെയ്ത് അതിർത്തികൾ പുന:സ്ഥാപിച്ചിട്ടുണ്ട്. മേൽ പുറമ്പോക്ക് ഭൂമി നാളത് സ്ഥിതിയനുസരിച്ച് റീസർവ്വെ 134/1, 134/4 എന്നിവയുടെ ഭാഗമായി ഹിൽ കൺട്രി റിസോർട്സ്, ശ്രീ അരുൺ എന്നിവരുടെ കൈവശമാണെന്നും കണ്ടെത്തിയിട്ടുണ്ട്. റീസർവ്വെ 134/3 നോട് ചേർന്ന് ഉണ്ടായിരുന്നതും പഴയ മാപ്പിൽ ചേർത്തിരിക്കുന്നതും മുമ്പ് ജനങ്ങൾ ഉപയോഗിച്ച് വന്നിരുന്നതെന്ന് പഞ്ചായത്ത് അധികാരികളും പൊതുജനങ്ങളും പറയുന്നതുമായ നടവഴിയിൽ റിസോർട്ട് അധികൃതർ മതിൽ കെട്ടി അടച്ചതുമൂലം ടി സ്ഥലത്തു കൂടി നടപ്പാത ഉപയോഗിച്ചിരുന്നതും തുടർന്ന് പടിഞ്ഞാറോട്ടുള്ള വസ്തുക്കളായ റീസർവ്വെ 119/6, 7, 130/1,3, 13,16,17,20 എന്നിവയിലേക്കും 120/1, 4, 120/109, 110 എന്നീ സർവെ നമ്പരുകളുടെ കൈവശക്കാരായ ടിസ്സ, ടോജോ, സീന, റഹ്ന, നിശാന, തസ്ലിൻ, റൂബി, ഫിർദൗസ് മുതലായവർക്ക് വഴി സൗകര്യം തടസ്സപ്പെട്ടിട്ടുള്ളതായി കാണുന്നു.<br>ടി വഴി റിസോർട്ട് ഉടമ മതിൽ കെട്ടി തടസ്സപ്പെടുത്തി എന്നത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി നൽകിയ നിരോധന ഉത്തരവ് ശ്രീ. ജോർജ് കോശി ബഹു. എൽ.എസ്.ജി.ഡി ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച അപ്പീൽ നമ്പർ 1146/2016 മേൽ 05.07.2017 നുണ്ടായ വിധിയിൽ അപ്പീൽ തള്ളിയിട്ടുള്ളതും ടി നടവഴി ഉള്ളതായി സ്ഥിരീകരിച്ചും കാണുന്നു. നിലവിൽ നീരൊഴുക്ക് ചാൽ മതിലിന്റെ തുടക്കത്തിൽ കാണുന്നില്ലെങ്കിലും ടി 13 സെന്റ് പുറമ്പോക്കിൽ കൂടി നിലവിൽ വെള്ളമൊഴുകി ശ്രീ. കോശി വക സ്ഥലത്തു കൂടി കായലിലേക്ക് ചേരുന്നു. |
| (സി) | ഇലകമൺ ഗ്രാമപഞ്ചായത്ത് തർക്കവഴിയുടെ ഭാഗത്ത് പരാതി തീർപ്പാക്കുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും അത് | (സി) കേരളാ സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ അനുമതിയുടെ അടിസ്ഥാനത്തിലാണ് നിർമാണ പ്രവർത്തനം നടത്തുന്നതെന്ന് ഇലകമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിർമാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്ന കാര്യത്തിൽ |

| | |
|---|---|
| ലംഘിച്ചുകൊണ്ട് കായൽ പുറമ്പോക്ക് കയ്യേറിയും പൊതു വഴിയും തോടും മണ്ണിട്ട് നികത്തിയും നടത്തുന്ന നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ചു മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകൂ. |

**സെക്ഷൻ ഓഫീസർ**